"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വിസ് - ജീവനക്കാര്യം - ഹരിപ്പാട് നഗരസഭയിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.രാജീവ്കുമാർ ആർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 1270/2023 നമ്പർ കേസിലെ 11.07.2023 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

സ.ഉ.(സാധാ) നം.2052/2023/LSGD തീയതി,തിരുവനന്തപുരം, 18-10-2023

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2023 തീയതിയിലെ LSGD/PD/1224/2023-DED1 നമ്പർ ഉത്തരവ്.
2. ഹരിപ്പാട് നഗരസഭയിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.രാജീവ്കുമാർ ആർ സർക്കാരിൽ സമർപ്പിച്ച 05.07.2023 തീയതിയിലെ നിവേദനം (അനക്ഷർ എ6)
3. ശ്രീ.രാജീവ്കുമാർ ആർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 1270/2023 നമ്പർ കേസിലെ 11.07.2023 തീയതിയിലെ ഉത്തരവ്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 10.10.2023 തീയതിയിലെ LSGD/PD/50564/2023-DEB5 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ പൊതുസർവീസിലെ പരാമർശം 1 സ്ഥലംമാറ്റ ഉത്തരവിനെതിരായി ഹരിപ്പാട് നഗരസഭയിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.രാജീവ്കുമാർ ആർ പരാമർശം 2 പ്രകാരം നിവേദനം (അനക്ഷർ എ6) സമർപ്പിച്ചിരുന്നു. കൂടാതെ മേൽ വിഷയവുമായി ബന്ധപ്പെട്ട് ശ്രീ.രാജീവ്കുമാർ ആർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 1270/2023 നമ്പർ കേസിലെ 11.07.2023 തീയതിയിലെ ഉത്തരവ് പ്രകാരം, അപേക്ഷകന്റെ അനക്ഷർ എ 6 നിവേദനം പരിഗണിച്ച് ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിച്ചിരുന്നു.

2. ശ്രീ.രാജീവ്കുമാർ ആർ സമർപ്പിച്ച അനക്ഷർ എ 6 നിവേദനം പ്രകാരം, 03.07.2023 തീയതിയിലെ പ്രിൻസിപ്പൽ ഡയറക്ടറുടെ ഉത്തരവ് പ്രകാരം തന്നെ കൊടുങ്ങല്ലൂർ നഗരസഭയിലേക്ക് നിയമിച്ചിരിക്കുന്നതായും, തനിക്ക് പകരം നിയമിച്ചിരിക്കുന്ന രാജീവ്.കെ. എന്നയാൾ തന്നെക്കാൾ ജൂനിയറും തന്നോടൊപ്പം പ്രമോഷനായ വ്യക്തിയാണെന്നും ടിയാൾ

ഹരിപ്പാട് നഗരസഭയിൽ ഓപ്ഷൻ നൽകിയിരുന്നില്ലായെന്നും അറിയിക്കുന്നു. കൊല്ലത്ത് നിന്ന് പ്രമോഷൻ ലഭിച്ച് ആലപ്പുഴ നഗരസഭയിൽ നിയമിച്ച തന്നെ ദൂരത്തേക്ക് മാറ്റിയത് മനുഷ്യത്വരഹിതമാണ് എന്നും തന്റെ ട്രാൻസ്ഫർ കുട്ടികളുടെ പഠനത്തെ ബാധിക്കുന്നതാണ് എന്നും അറിയിക്കുന്നു. ജൂനിയർ കംപൽസറി ഇനത്തിൽ സ്വന്തം ജില്ലയിലും സമീപജില്ലകളിലും പരിഗണിച്ചവരിൽ ഭൂരിഭാഗവും വർഷങ്ങളായി സ്വന്തം ജില്ലയിൽ ജോലിനോക്കുന്നവരാണെന്നും ആയതിനാൽ തന്റെ അപ്പീൽ പരിഗണിച്ച് ഹരിപ്പാട് സ്റ്റേഷനിൽ നിലനിർത്തുകയോ ആലപ്പുഴ,കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ സൗകര്യപ്രദമായ സ്റ്റേഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അപേക്ഷിച്ചിരുന്നു.

3. പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 4 റിപ്പോർട്ട് പ്രകാരം കൊല്ലം കോർപ്പറേഷനിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.രാജീവ്കുമാർ ആർ-നെ അർബൻ ഡയറക്ടറുടെ 01.02.2023 തീയതിയിലെ DUA/4545,/2022-E5 നമ്പർ ഉത്തരവ് പ്രകാരം സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകി ഹരിപ്പാട് നഗരസഭയിലേക്ക് നിയമിച്ചിരുന്നതായും, പ്രസ്തുത ഉത്തരവിൽ തന്നെ ടി ഉദ്യോഗക്കയറ്റ നിയമനം പൊതുസ്ഥലംമാറ്റത്തിന് വിധേയമായി പുനപരിശോധിക്കുമെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ് എന്നും അറിയിക്കുന്നു. online വഴിയുള്ള 2023 ലെ തദ്ദേശസ്വയംഭരണ പൊതുസ്ഥലംമാറ്റത്തിൽ ശ്രീ.രാജീവ്കുമാർ ആർ കൊല്ലം ജില്ലയിൽ യഥാക്രമം 1, കൊല്ലം കോർപ്പറേഷൻ, 2,കൊട്ടാരക്കര മുൻസിപ്പാലിറ്റി, 3,പരവൂർ മുൻസിപ്പാലിറ്റി തുടങ്ങിയ സ്ഥലങ്ങളിലേക്ക് അപേക്ഷിച്ചിരുന്നതായും, പൊതുസ്ഥലമാറ്റ പരിഗണനയ്ക്കായി ടിയാന് 59 ദിവസത്തെ out station seniorityമാത്രമാണ് ഉള്ളതെന്നും പൊതുസ്ഥലംമാറ്റത്തിൽ ജില്ലയിലേക്കുള്ള സ്ഥലംമാറ്റത്തിന് out station seniorityയും ജില്ലക്കകത്തുള്ള നിയമനത്തിന് സ്റ്റേഷൻ സീനിയോറിറ്റിയുമാണ് പരിഗണിക്കുന്നത് എന്നും അറിയിക്കുന്നു. ജില്ലക്ക് പുറത്ത് നിന്ന് കൊല്ലം ജില്ലയിലേക്കുള്ള ക്യൂ ലിസ്റ്റിൽ 19- ാമതായാണ് ടിയാൻ ഉൾപ്പെട്ടിരുന്നത് എന്നും ജില്ലക്ക് പുറത്തുനിന്നുള്ള 5 പേർക്ക് മാത്രമാണ് കൊല്ലം ജില്ലയിൽ സ്ഥലംമാറ്റം ലഭിച്ചിട്ടുള്ളത് എന്നും ഇവരെല്ലാം ടിയാനെക്കാൾ ഔട്ട് സ്റ്റേഷൻ സീനിയോറിറ്റിയും, സ്റ്റേഷൻ സീനിയോറിറ്റിയും കൂടുതലുള്ളവരായിരുന്നുവെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു. ടിയാന്റെ പരാതിയിൽ പരാമർശിച്ചിട്ടുള്ള ശ്രീ.രാജീവ് കെ. യുടെ അപേക്ഷ പരിശോധിച്ചതിൽ ടിയാന് 59 ദിവസത്തെ out station seniorityയാണ് ഉള്ളത് എന്നും മഞ്ചേരി നഗരസഭയിൽ നിന്നും ടിയാൻ ആലപ്പുഴ ജില്ലയിലേക്ക് അപേക്ഷ സമർപ്പിച്ചിരുന്നതായും എന്നാൽ ശ്രീ.രാജീവ്കുമാർ. ആർ ആലപ്പുഴ ജില്ലയിൽ ഓപ്ഷൻ ഒന്നും നൽകിയിരുന്നില്ലായെന്നും അറിയിക്കുന്നു. ചോദിച്ച സ്റ്റേഷനുകളിൽ നിയമനം കിട്ടിയില്ലായെങ്കിൽ നിലവിലെ സ്റ്റേഷനിൽ നിലനിർത്തണമെന്ന ആവശ്യം ജൂനിയർ കംപൽസറിയായി മാറ്റപ്പെടുമെന്ന നിബന്ധനയോടെ നിയമിക്കപ്പെട്ടവർക്ക് ബാധകമല്ല, ആയതിനാലാണ് ജൂനിയർ കംപൽസറിയായി ശ്രീ.രാജീവ്കുമാർ. ആർ കൊടുങ്ങല്ലൂർ നഗരസഭയിലേക്ക് മാറ്റപ്പെട്ടതും ആലപ്പുഴ ജില്ല ഓപ്ഷനായി അപേക്ഷിച്ചിരുന്ന ശ്രീ.രാജീവ് കെ യെ ഹരിപ്പാട് മുൻസിപ്പാലിറ്റിയിൽ നിയമനം ലഭിച്ചതെന്ന വിവരവും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

4. സർക്കാർ ഇക്കാര്യം പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം പരിശോധിച്ചതിൽ ശ്രീ.രാജീവ്കുമാർ. ആർ-ന്റെ നിവേദനത്തിലെ വാദങ്ങൾ വസ്തുതാപരമല്ലായെന്ന് കാണുകയുണ്ടായി. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിലെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച അപ്പീലുകൾ പരിശോധിക്കുന്നതിന് രൂപീകരിച്ച അപ്പീൽ

കമ്മിറ്റിയുടെ 11.10.2023തീയതിയിലെ യോഗത്തിൽ മേൽ അപേക്ഷ വിശദമായി പരിശോധിക്കുകയും ശ്രീ.രാജീവ്കമാർ.ആർ -ന്റെ നിവേദനത്തിലെ വാദങ്ങൾ വസ്തുതാപരമല്ലായെന്ന് കാണുന്നതിനാൽ പരിഗണിക്കേണ്ടതില്ലെന്നു കമ്മിറ്റി തീരുമാനിക്കുകയും ചെയ്തു.

5. മേൽ സാഹചര്യത്തിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും അപ്പീൽ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, ശ്രീ.രാജീവ്കമാർ.ആർ സമർപ്പിച്ചിട്ടുള്ള നിവേദനം പരിഗണിക്കാനാകുന്നല്ലായെന്ന് കണ്ട് നിരസിച്ചുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

6. മേൽ പ്രകാരം ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ 1270/2023 നമ്പർ കേസിലെ 11.07.2023 തീയതിയിലെ ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം
ശ്രീ.രാജീവ്കമാർ.ആർ, സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 , ഹരിപ്പാട് നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 19-10-2023 10:13:58
സെക്ഷൻ ഓഫീസർ